ചന്ദ്രിക




ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ എളേറ്റിൽ എം.ജെ ഹയർ സെക്കണ്ടറി സ്കൂൾ ടീമിന് കൊടുവള്ളി നഗരസഭ ചെയർമാൻ വെള്ളറ അബ്ദു ട്രോഫി സമ്മാനിക്കുന്നു

## ജൂനിയർ ബേസ്ബോൾ

# എളേറ്റിൽ എം.ജെ.എച്ച്.എസ്.എസും ഡയമണ്ട് ഫീൽഡേഴ്സും ജേതാക്കൾ

കോഴിക്കോട്: കൊടുവള്ളി കെ.എം. ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിൽ നടന്ന ഇരുപതാമത് ജില്ല ജൂനിയർ ബേസ് ബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ചാലിയം യു.എച്ച്.എച്ച്.എസ് എസിനെ (7-2) ന് പരാജയപ്പെടുത്തി എളേറ്റിൽ എം.ജെ.എച്ച്.എസ്.എസും പെൺകുട്ടികളുടെ വിഭാഗത്തിൽ മടപ്പള്ളി ജി.വി.എച്ച്.എസ്.എസിനെ (6-1) ന് പരാജയപ്പെടുത്തി ഡയമണ്ട് ഫീൽസ് മലബാറും ജേതാക്കളായി. യഥാക്രമം ഇരു വിഭാഗങ്ങളിലുമായി കടമേരി ആർ.എ.സി.എച്ച്.എസ്.എസും പെരുമണ്ണ ഇ.എം.എസ്.ജി.എച്ച്.എസ്.എസും മൂന്നാം സ്ഥാനം കരസ്ഥമാക്കി. സമാപന ചടങ്ങിൽ കൊടുവള്ളി നഗരസഭ ചെയർമാൻ വെള്ളറ അബ്ദു വിജയികൾക്ക് മെഡലുകളും ട്രോഫികളും വിതരണം ചെയ്തു. ജില്ലാ ബേസ്ബോൾ അസോസിയേഷൻ പ്രസിഡന്റ് ജെ. കീർത്തൻ അധ്യക്ഷത വഹിച്ചു. പി ഷഫീഖ്, ജസീം ബാസിൽ, യു.വി മുഹമ്മദ്, കെ അക്ഷയ്, കെ.കെ ഷിബിൻ, ടി.യു ആദർശ്, വിപിൽ വി ഗോപാൽ, അമയ, ഹംറാസ് സംസാരിച്ചു. ജില്ലാ ബേസ്ബോൾ അസോസിയേഷൻ സെക്രട്ടറി അനീസ് മടവൂർ സ്വാഗതവും എൻ.വി ഷഫ്നാസ് നന്ദിയും പറഞ്ഞു.

Mathrubhumi
മാതൃഭൂമി

# ബേസ്ബോൾ ചാമ്പ്യൻഷിപ്പ്: എളേറ്റിൽ എം.ജെ.എച്ച്.എസ്.എസും ഡയമണ്ട് ഫീൽഡേഴ്സ് മലബാറും ജേതാക്കൾ





▶ ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ എളേറ്റിൽ എം.ജെ. ഹയർസെക്കൻഡറി സ്കൂൾ ടീമിനും പെൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ ഡയമണ്ട് ഫീൽഡേഴ്സ് മലബാർ ക്ലബ്ബിനും കൊടുവള്ളി നഗരസഭാ ചെയർമാൻ വെള്ളറ അബ്ദു ട്രോഫി സമ്മാനിക്കുന്നു

**കൊടുവള്ളി**▸ കൊടുവള്ളി കെ.എം.ഒ. ഹയർസെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നടന്ന 20-ാമത് ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ചാലിയം യു.എച്ച്.എച്ച്.എസ്. എസിനെ (7-2) ന് പരാജയപ്പെടുത്തി എളേറ്റിൽ എം.ജെ.എച്ച്.എസ്.എസും പെൺകുട്ടികളുടെ വിഭാഗത്തിൽ മടപ്പള്ളി ജി.വി.എച്ച്.എസ്.എസിനെ (6-1) ന് പരാജയപ്പെടുത്തി ഡയമണ്ട് ഫീൽസ് മലബാറും ജേതാക്കളായി.

യഥാക്രമം ഇരുവിഭാഗങ്ങളിലുമായി കടമേരി ആർ.എസി.എച്ച്.എസ്.എസും പെരുമണ്ണ ഇ.എം.എസ്.ജി.എച്ച്.എസ്.എസും മൂന്നാംസ്ഥാനം നേടി. സമാപനച്ചടങ്ങിൽ കൊടുവള്ളി നഗരസഭാ ചെയർമാൻ വെള്ളറ അബ്ദു വിജയികൾക്ക് മെഡലുകളും ട്രോഫികളും വിതരണംചെയ്തു.

ജില്ലാ ബേസ്ബോൾ അസോസിയേഷൻ പ്രസിഡന്റ് ജെ. കീർത്തൻ അധ്യക്ഷനായി. പി. ഷഫീഖ്, ജസീം ബാസിൽ, യു.വി. മുഹമ്മദ്, കെ. അക്ഷയ്, കെ.കെ. ഷിബിൻ, ടി.യു. ആദർശ്, വിപിൻ വി. ഗോപാൽ, ജില്ലാ ബേസ്ബോൾ അസോസിയേഷൻ സെക്രട്ടറി അനീസ് മടവൂർ, എൻ.വി. ഷഫ്നാസ്, അമയ, ഹംറാസ് എന്നിവർ സംസാരിച്ചു.

## വൈദ്യുതി മുടങ്ങും

നാളെ

അത്തോളി സെക്ഷൻ: വേളൂർ , വേളൂർ വെസ്റ്റ്, ചാത്തനാത്ത് കടവ്, എയർടെൽ വേളൂർ, കൊടശ്ശേരിക്കുന്ന്. 09.00 am – 02.00 pm

# ജൂനിയർ ബേസ്ബോൾ ചാംപ്യൻഷിപ്പ് 17 മുതൽ

കോഴിക്കോട് • ജില്ലാ ജൂനിയർ ബേസ്ബോൾ ചാംപ്യൻഷിപ്പ് 17, 18 തിയതികളിൽ കൊടുവള്ളി കെ.എം.ഒ ഹൈസ്കൂൾ ഗ്രൗണ്ടിൽ നടക്കും. സംസ്ഥാന ചാംപ്യൻഷിപ്പിൽ പങ്കെടുക്കേണ്ട ജില്ലാ ടീമിനെ മത്സരത്തിൽ നിന്നു തെരഞ്ഞെടുക്കും. പങ്കെടുക്കുന്ന ടീമുകൾ 15നകം ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തീകരിക്കണമെന്ന് ജില്ലാ ബേസ്ബോൾ അസോസിയേഷൻ സെക്രട്ടറി അനീസ് മടവൂർ അറിയിച്ചു. ഫോൺ • 956.284.8568.

# എംജെഎച്ച്എസ്എസും ഡയമണ്ട് ഫീൽഡേഴ്സും ജേതാക്കൾ

**കൊടുവള്ളി**

കെഎംഒ ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നടന്ന ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ എളേറ്റിൽ എംജെഎച്ച്എസ്എസും പെൺകുട്ടികളുടെ വിഭാഗത്തിൽ ഡയമണ്ട് ഫീൽഡേഴ്സ് മലബാറും ജേതാക്കളായി. ചാലിയം യുഎച്ച്എച്ച്എസ്എസ്, മടപ്പള്ളി ജിവിഎച്ച്എസ്എസ് റണ്ണേഴ്സായി. ഇരുവിഭാഗങ്ങളിലുമായി കടമേരി ആർഎസിഎച്ച്എസ്എസും പെരുമണ്ണ ഇ എം എസ് ജിഎച്ച്എസ്എസും മൂന്നാം സ്ഥാനം കരസ്ഥമാക്കി.



ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ എളേറ്റിൽ എംജെ ഹയർ സെക്കൻഡറി സ്കൂൾ ടീമിന് കൊടുവള്ളി നഗരസഭാ ചെയർമാൻ വെള്ളറ അബ്ദു ട്രോഫി സമ്മാനിക്കുന്നു

സമാപന ചടങ്ങിൽ കൊടുവള്ളി നഗരസഭ ചെയർമാൻ വെള്ളറ അബ്ദു ട്രോഫികൾ വിതരണംചെയ്തു. ജില്ലാ ബേസ്ബോൾ അസോസിയേഷൻ പ്രസിഡന്റ് ജെ കീർത്തൻ അധ്യക്ഷനായി. പി ഷഫീഖ്, ജസീം ബാസിൽ, യു വി മുഹമ്മദ്, കെ അക്ഷയ്, കെ കെ ഷിബിൻ, ടി യു ആദർശ് തുടങ്ങിയവർ സംസാരിച്ചു. ജില്ലാ ബേസ്ബോൾ അസോസിയേഷൻ സെക്രട്ടറി അനീസ് മടവൂർ സ്വാഗതവും എൻ വി ഷഫ്നാസ് നന്ദിയും പറഞ്ഞു.

Fri, 20 October 2023
https://epaper.deshabhimani.com/c/73717837

Mathrubhumi
മാതൃഭൂമി

# ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ്

കൊടുവള്ളി ▸ 20-ാമത് ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് 17, 18 തീയതികളിൽ കൊടുവള്ളി കെ.എം.ഒ. ഹൈസ്കൂൾ ഗ്രൗണ്ടിൽ നടക്കും. സംസ്ഥാന ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കേണ്ട ജില്ലാടീമിനെ ഈ ചാമ്പ്യൻഷിപ്പിൽനിന്നാണ് തിരഞ്ഞെടുക്കുന്നത്. 15-ന് മുമ്പ് ഓൺലൈൻ രജിസ്ട്രേഷൻ നടത്തണമെന്ന് ജില്ലാ ബേസ്ബോൾ അസോസിയേഷൻ സെക്രട്ടറി അനീസ് മടവൂർ അറിയിച്ചു. ഫോൺ: 9562848568.

13/10/2023
KOZHIKODE Pg 02